**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 880** **14-01-2021 - ൽ മറുപടിയ്ക്ക്**

**തട്ടേക്കാട് ഡോ.സലീം അലി പക്ഷിസങ്കേതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഏഷ്യയിലെ തന്നെ പ്രധാന പക്ഷി സങ്കേതമായ കോതമംഗലം മണ്ഡലത്തിലെ തട്ടേക്കാട് സ്ഥിതി ചെയ്യുന്ന പക്ഷിസങ്കേതത്തെ 1983ൽ ഡോ.സലീം അലി പക്ഷിസങ്കേതമായി പ്രഖ്യാപിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങളെക്കൂടി ഉൾപ്പെടുത്തിയാണ് അതിർത്തി നിശ്ചയിച്ചിട്ടുള്ളത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ വിജ്ഞാപന പ്രകാരം, 9 ച.കി.മീ ഏരിയ ജനവാസകേന്ദ്രം കൂടി പക്ഷി സങ്കേതത്തിന്റെ അതിർത്തയിൽ വന്നിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി നിശ്ചയിച്ചപ്പോൾ കുട്ടമ്പുഴ, കീരംപാറ പഞ്ചായത്തുകളിൽപ്പെട്ട ജനവാസകേന്ദ്രങ്ങൾ ഉൾപ്പെടെ പക്ഷി സങ്കേതത്തിന്റെ അതിർത്തിക്കുള്ളിലായതിനാൽ പ്രദേശവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | പക്ഷിസങ്കേതത്തിന്റെ അതിർത്തിക്കുള്ളിൽ വരുന്ന ജനവാസമേഖലകളിലെ ജനങ്ങളുടെ സുഗമമായ ജീവിതത്തിന് വനം വകുപ്പ് നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ട്ിട്ടില്ല. |
| (സി) | ഇത്തരത്തിൽ നൂറ്കണക്കിന് ആളുകൾ താമസിക്കുന്ന പ്രദേശങ്ങൾ പക്ഷിസങ്കേതത്തിന്റെ അതിർത്തിയിലായതിനാൽ പക്ഷിസങ്കേതത്തിന്റെ നിയമങ്ങളും നിയന്ത്രണങ്ങളും മൂലം ഇവർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ; | (സി) | പക്ഷിസങ്കേതത്തിന്റെ അതിർത്തിയിൽ ജനവാസമേഖലകൾ ഉൾപ്പെടുന്നതിനാൽ, ആ ഭാഗങ്ങളിൽ നിയമം നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും ജനങ്ങളുടെ ആശങ്കകളും പരിഗണിച്ച് പ്രസ്തുത മേഖല ഒഴിവാക്കി അതിന് തുല്യമായ വനമേഖല മൂന്നാർ വനം ഡിവിഷനിൽ നിന്നും കൂടിച്ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| (ഡി) | ഇത്തരത്തിൽ ജനവാസ മേഖല പക്ഷിസങ്കേതത്തിന്റെ അതിർത്തിയിൽ ഉൾപ്പെട്ടതിനാൽ ഇവിടെ താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി പകരം കൂടുതൽ വന പ്രദേശങ്ങളെ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | പക്ഷിസങ്കേതത്തിന്റെ അതിർത്തിയിൽ ജനവാസമേഖലകൾ ഉൾപ്പെടുന്നതിനാൽ, ആ ഭാഗങ്ങളിൽ നിയമം നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും ജനങ്ങളുടെ ആശങ്കകളും പരിഗണിച്ച് പ്രസ്തുത മേഖല ഒഴിവാക്കി അതിന് തുല്യമായ വനമേഖല മൂന്നാർ വനം ഡിവിഷനിൽ നിന്നും കൂടിച്ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ